(സി) മറ്റേതെല്ലാം ഫണ്ടുകളാണ് മേൽപ്പറഞ്ഞ സ്ഥലങ്ങളിലേയ്ക്ക് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തികളെല്ലാം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകും എന്ന് വിശദമാക്കുമോ?

ഉത്തരം

(എ-ബി) അനുബന്ധമായി വച്ചിട്ടുണ്ട്.*

(സി) വെട്ടിക്കടവ് മുതൽ നരണിപ്പുഴ പാലം വരെയുള്ള നാറടിതോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി 27.58 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) തൃശ്ശൂർ കോൾനില ഒന്നാംഘട്ട പ്രവൃത്തി മാർച്ച് 2016-നു മുൻപും രണ്ടാംഘട്ട പ്രവൃത്തി മാർച്ച് 2018-നു മുൻപും പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച നാറടി തോടിന്റെ പ്രവൃത്തികൾ ഈ വർക്കിംഗ് സീസണിൽ പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ടെക്നോളജി സെന്റർ

164 (3369) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, പൂക്കൾ എന്നിവയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഒരു "ടെക്നോളജി സെന്റർ" സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക എത്രയെന്നും വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഡച്ച് സർക്കാരിന്റെ സഹകരണത്തോടുകൂടി പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, പൂക്കൾ എന്നിവയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഒരു ടെക്നോളജി സെന്റർ സ്ഥാപിക്കുമെന്ന് 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. എന്നാൽ 2013-14 വർഷത്തിൽ ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കിയില്ല.

(ബി) ഈ പദ്ധതിക്കായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു.

കീടനാശിനി പ്രയോഗം തടയുന്നതിനുള്ള നടപടി

165 (3370) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും മാരകമായ കീടനാശിനി പ്രയോഗിച്ചിട്ടുണ്ടെന്ന കാര്യം കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;.

(സി) വിഷാംശം ഇല്ലാത്ത പച്ചക്കറി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കീടനാശിനികളുടെയും മറ്റു രാസവസ്തുക്കളുടെയും അമിതമായ ഉപയോഗം തടയുന്നതിന് സംയോജിത കീടരോഗ പരിപാലനത്തെക്കുറിച്ച് സംസ്ഥാനത്തിനകത്തുള്ള കർഷകർക്ക് ബോധവത്ക്കരണം വിവിധ ട്രെയിനിംഗ് ക്ലാസുകൾ മുഖേന നൽകുന്നുണ്ട്. ജൈവകൃഷിയുടെ പ്രാധാന്യവും ആവശ്യകതയും മനസ്സിലാക്കുന്നതിനും, ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന പഴങ്ങളിലും പച്ചക്കറികളിലും തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികളിലെ രാസകീടനാശിനി അവശിഷ്ടം പരിശോധിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധന ലബോറട്ടറിയിൽ